"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ആലത്തൂർ എ.എസ്.മൊഹമ്മദ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ. ശ്രീ.ഫെബിൻ നൗഷാദ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19221/2022-ന്റെ 14/06/2022-ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7631/2022/GEDN തീയതി,തിരുവനന്തപുരം, 03-12-2022

പരാമർശം:-

1. ശ്രീ.ഫെബിൻ നൗഷാദിന്റെ 25.04.2022-ലെ റിവ്യൂ ഹർജി (എക്സിബിറ്റ് പി9)
2. ശ്രീ.ഫെബിൻ നൗഷാദ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No. 19221/2022-ന്റെ 14/06/2022-ലെ വിധിന്യായം
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03.08.2022-ലെ ബി4/3111/2022 നമ്പർ കത്ത്
4. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.08.2022-ലെ ബി2/3939/2022 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ആലത്തൂർ എ.എസ്.മൊഹമ്മദ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ. ശ്രീ.ഫെബിൻ നൗഷാദ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19221/2022-ന്റെ 14/06/2022-ലെ വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി9 റിവ്യൂ ഹർജി, ഹർജിക്കാരനെയും 6-ാം എതിർകക്ഷിയേയും നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം 06/08/2022-ൽ ഈ കേസുമായി ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

**2.** ശ്രീ.ഫെബിൻ നൗഷാദ് സമർപ്പിച്ച റിവിഷൻ പെറ്റീഷനിലും (Ex.P9) ഫയൽ ചെയ്തിരുന്ന WP © No.19221/2022 കേസിലും ടിയാന്റെ ആവശ്യം യു.പി.എസ്.റ്റി ആയ ശ്രീമതി.സ്മിതയ്ക്ക് 15/01/2010 മുതൽ നിയമനാംഗീകാരം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ 16/03/2022 ലെ സ.ഉ(സാധാ).നം.1719/2022/പൊ.വി.വ ഉത്തരവ് റദ്ദ് ചെയ്യണമെന്നുള്ളതു മാത്രമാണ്. 01.06.2010 മുതൽ

യു.പി.എസ്.എ. തസ്തികയിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ചു വരുന്ന ഹർജിക്കാരൻ എച്ച്.എസ്.എ. ഗണിതം തസ്തികയിലേക്ക് അക്കാദമിക യോഗ്യതകൾ നേടിയിട്ടുള്ള സീനിയർ മോസ്റ്റ് അദ്ധ്യാപകനാണെങ്കിലും സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല എന്ന കാരണത്താൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരന്റെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലായെന്നും ശ്രീമതി.സ്മിജി.വി., യു.പി.എസ്.എ. തസ്തികയിൽ സീനിയറാണ് എന്ന കാരണത്താൽ ഹർജിക്കാരന്റെ സീനിയോറിറ്റിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തർക്കമുന്നയിക്കുന്നു എന്നും ആയതിനാൽ ടിയാന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കണമെന്ന് ഹിയറിംഗ് വേളയിൽ വാദിക്കുകയും അപ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.എന്നാൽ യു.പി.എസ്.റ്റി ആയ ശ്രീമതി.സ്മിതയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ടു മാത്രമാണ് ടിയാൻ റിവിഷൻ പെറ്റീഷനും കേസും ഫയൽ ചെയ്തിട്ടുള്ളത് എന്നതിനാലും ടിയാൻ ഫയൽ ചെയ്ത കേസിൽ ശ്രീമതി.സ്മിജി.വി., എതിർകക്ഷി അല്ലാതിരുന്നതിനാൽ ടിയാളെ ഹിയറിംഗിൽ പങ്കെടുപ്പിച്ചിരുന്നില്ല എന്നതിനാലും ശ്രീ.ഫെബിൻ നൗഷാദിന്റെ സ്ഥാനക്കയറ്റ നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി.സ്മിജിയുടെ ഭാഗം പറയുന്നതിനുള്ള അവസരം കൂടി നൽകേണ്ടതുണ്ട് എന്ന് കാണുന്നതിനാലും പ്രസ്തുത വിഷയം നിലവിൽ പരിശോധിച്ചിട്ടില്ല. ഇക്കാര്യത്തിൽ ശ്രീ.ഫെബിൻ നൗഷാദ് സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി പരിശോധിച്ചു വരുന്നു.

3. പാലക്കാട് ജില്ലയിലെ എ.എസ്.എം.എം. ഹയർസെക്കന്ററി സ്കൂളിലെ യു.പി.എസ്.റ്റി ആയ ശ്രീമതി.സ്മിതയുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ടു ശ്രീ.ഫെബിൻ നൗഷാദ് അറിയിച്ചതു പ്രകാരം മാനേജ്മെന്റ് തർക്കവുമായി ബന്ധപ്പെട്ട കേസ്സ് നിലനിൽക്കുന്നതിനാൽ മാനേജരായി ആരെയും അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിന്റെ മാനേജരായി ചുമതല നിർവ്വഹിച്ചുവരികയാണ്. 29.12.2018-ലെ ജി.ഒ (ആർ.ടി) 5475/2018/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവിൽ എ.എസ്.എം.എം. ഹയർസെക്കന്ററി സ്കൂളിൽ നിയമന നിരോധന കാലയളവിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെട്ട 8 അദ്ധ്യാപകരുടെ നിയമനങ്ങൾ സർക്കാർ പരിഗണിക്കുകയും, 12.01.2010-ലെ ജി.ഒ.(പി)നം.10/2010/പൊ.വി.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജർ ബോണ്ട് കൊടുത്തതായി പരിഗണിച്ച് 6 അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുകയും, എന്നാൽ പ്രസ്തുത ഉത്തരവിലെ 5-ാം ഹർജിക്കാരിയായ ശ്രീമതി.സ്മിതയുടെ 15.01.2010 മുതലുള്ള നിയമനവും 8-ാം ഹർജിക്കാരിയായ ശ്രീമതി.വിജി ജി.യുടെ 01.06.2010 മുതലുള്ള നിയമനവും നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

4. ഹർജിക്കാരനായ ശ്രീ.ഫെബിൻ ഫയൽ ചെയ്ത റിവ്യൂ ഹർജിയിലെ 5-ാം എതിർ കക്ഷിയായ ശ്രീമതി.വി.സ്മിതയെ 15.01.2010 പ്രാബല്യത്തിലാണ് മാനേജർ നിയമിച്ചത്. എന്നാൽ 2009-2010 അക്കാദമിക വർഷത്തിൽ അക്കൊമൊഡേഷൻ അപര്യാപ്തമായതിനാൽ യു.പി.എസ്.ടി.യുടെ രണ്ട്

അധിക തസ്തികകൾ അനുവദിച്ചിരുന്നില്ല.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.05.2011-ലെ എ1/74671/2010/ഡി.പി.ഐ നമ്പർ ഉത്തരവിൽ 2009-2010 വർഷത്തിൽ കുട്ടികളുടെ സംഖ്യാബല പ്രകാരം 5 , 6 , 7 സ്റ്റാൻ ഡേർ ഡുകളിൽ (യു.പി.വിഭാഗം) 7 തസ്തികകൾ വീതം (7+7+7) അനുവദിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും അക്കൊമൊഡേഷൻ അപര്യാപ്തമായതിനാൽ 5 മുറികളുള്ള കെട്ടിടം സ്റ്റാഫ് ഫിക്സേഷന് പരിഗണിക്കണമെന്ന മാനേജരുടെ ആവശ്യം നിരസിച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായത്. അക്കാരണത്താൽ , 2 യു.പി.എസ്.എ. തസ്തികകളും 2 ഹൈസ്കൂൾ തസ്തികകളും അനുവദിക്കപ്പെട്ടിട്ടില്ലാത്തതാണ്. 2010-11 ലെ തസ്തിക നിർണ്ണയ ഉത്തരവിലെ അപ്പന്റിക്സിൽ നിന്നും ഈ വസ്തുത വ്യക്തമാകുന്നതാണ്. 2010-11-ലെ തസ്തിക നിർണ്ണയ ഉത്തരവിൽ മുൻവർഷം 1 9 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ 15.01.2010 മുതൽ 2009-2010 അക്കാദമിക വർഷത്തിലെ നിയമനം തസ്തിക ലഭ്യമല്ലാത്തതിനാൽ ശ്രീമതി.വി.സ്മിതയുടെ യു.പി.എസ്.എ. തസ്തികയിലെ നിയമനം 2010-11 അക്കാദമിക വർഷം മാത്രമേ പരിഗണിക്കാൻ നിർവാഹമുള്ളൂ.

5. ശ്രീമതി. നായർ ടി. ജയശ്രീയുടെ 24.09.2009-ലെ നിയമന ഉത്തരവിൽ ടിയാളെ 2008-2009-ൽ പുതുതായി അനുവദിച്ച തസ്തികയിലാണ് ഈ നിയമനമെന്ന് നിയമന ഉത്തരവിൽ നിന്നും വ്യക്തമായി കാണാവുന്നതാണ്. ആയതിനാൽ ശ്രീമതി.നായർ.ടി.ജയശ്രീയുടെ നിയമനം 2009-2010-ലെ അധിക തസ്തികയിലാണ് എന്ന ശ്രീമതി.സ്മിതയുടെ വാദം പൂർണ്ണമായും അടിസ്ഥാന രഹിതവും തള്ളിക്കളയേണ്ടതുമാണ്.കൂടാതെ ശ്രീമതി.സ്മിജിയുടെ യു.പി.എസ്.എ. തസ്തികയിലെ നിയമനം 2009-2010-ലെ അധിക തസ്തികയിലാണെന്ന് നിയമന ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാളുടെ നിയമന തീയതി 01.06.2010 പ്രാബല്യത്തിൽ മാത്രമാണ്. 01.06.2010-ലെ ശ്രീമതി.സ്മിജിയുടെ നിയമനം 01.06.2011-ലാണ് തുടക്കത്തിൽ അംഗീകരിച്ചതെങ്കിലും, ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ നിയമനം 01.06.2010 പ്രാബല്യത്തിൽ യു.പി.എസ്.ടി തസ്തികയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

6. 01.06.2010 മുതൽ 31.05.2013 വരെയുള്ള യു.പി.എസ്.എ. തസ്തികയിലെ അവധി ഒഴിവിലെ ഹർജിക്കാരന്റെ ആദ്യ നിയമനം 01.06.2010 മുതൽ 31.05.2013 വരെ അംഗീകരിച്ചിട്ടുണ്ട്. ഇപ്രകാരം അവധി ഒഴിവിൽ തുടരവെയാണ് 04.06.2012 മുതൽ സ്ഥിരം ഒഴിവിലേക്ക് മാറ്റി നിയമിച്ചത്. 09/11/1999-ലെ ജി.ഒ (എം.എസ്) നം.275/1999/പൊ.വി.വ നമ്പർ ഉത്തരവിൽ അവധി ഒഴിവിൽ തുടരുന്ന അദ്ധ്യാപകനെ ആദ്യമുണ്ടാകുന്ന ഒഴിവിലേക്ക് സ്ഥിരപ്പെടുത്തണമെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ 01.06.2010 മുതൽ അവധി ഒഴിവിൽ നിയമനാംഗീകാരത്തോടെ തുടരവെ 04.06.2012 മുതലുള്ള യു.പി.എസ്.എ തസ്തികയിലെ സ്ഥിരം ഒഴിവിൽ നിയമനം ലഭിച്ച സാഹചര്യത്തിൽ ഹർജിക്കാരന് 01.06.2010 മുതൽ തുടർച്ചയായ നിയമനാംഗീകാരമാണ് ലഭിച്ചിട്ടുള്ളത്.മേൽപ്പറഞ്ഞ

കാരണങ്ങളാൽ ശ്രീമതി.സ്മിതയ്ക്ക് 15/01/2010 മുതൽ നിയമനാംഗീകാരം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ 16/03/2022 ലെ സ.ഉ(സാധാ).നം.1719/2022/പൊ.വി.വ ഉത്തരവ് റദ്ദ് ചെയ്യേണ്ടതാണ്.

7. ആലത്തൂർ എ.എസ്.എം.എം ഹൈസ്കൂളിൽ 15.01.2010 മുതൽ 2009 മുതലുള്ള UPST അധിക തസ്തികയിൽ മാനേജർ തന്നെ നിയമിച്ചിരുന്നുവെന്നും അധ്യാപക പാക്കേജിന്റെ ഭാഗമായി G.O(P).No.199/2011/GEDN dt 01/10/2011 പ്രകാരം 01.06.2011 മുതൽ തനിക്കും തന്റെ സഹപ്രവർത്തകർക്കും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകാരം നൽ കിയതായും ശ്രീമതി.സ്മിത അറിയിച്ചു. 15.01.2010 മുതൽ 31.05.2011 വരെയുള്ള കാലയളവ് സർക്കാർ ഉത്തരവ് നമ്പർ 1719/2022/GEDN dt. 16.03.2022 പ്രകാരം അംഗീകരിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെങ്കിലും ആയത് തസ്തികയുടെ ലഭ്യത കണക്കാക്കുന്നതിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ വീഴ്ചവരുത്തിയിരിക്കുന്നു. 2010 തസ്തികനിർണ്ണയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നമ്പർ ആർ.എ.1/74671/10/ഡി.പി.ഐ/ഡി.ഡിസ് 27.05.2011 പ്രകാരം പുതുക്കി നിശ്ചയിച്ച് യു.പിയിൽ 7+7+7=21 ഡിവിഷനുകൾ 2009-2010-ലും 2010-2011-ലും അനുവദിച്ചിട്ടുള്ളതാണെന്ന് പാലക്കാട് ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവിൽ നിന്ന് വ്യക്തമാണ്. ഈ വസ്തുതകൾ പരിശോധിക്കാതെയാണ് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രമല്ല, തന്റെ സഹപ്രവർത്തകരായ 1 UPSA യും 1 HSA യും അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് ഈ തസ്തിക നിർണ്ണയ ഉത്തരവ് കണക്കിലെടുത്ത് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചിട്ടുള്ളതാകുന്നു. ഒരേ സ്കൂളിലെ ഒരേ തസ്തിക നിർണ്ണയ ഉത്തരവിലെ പരസ്പര വിരുദ്ധമായ തീരുമാനങ്ങൾ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിച്ചതായി ഇതിൽ നിന്നും വ്യക്തമാണ്. 04.06.2012 മുതലാണ് പരാതിക്കാരൻ പ്രൊബേഷനറി യു.പി.എസ്.എ ആയി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളത്. 16.03.2022-ലെ സർക്കാർ ഉത്തരവ് നമ്പർ 1719/2022/GEDN പ്രകാരം 15.01.2010 മുതൽ തനിക്ക് ന്യായമായി ലഭിക്കേണ്ട അംഗീകാരം പരാതിക്കാരൻ നിയമസാധുതയില്ലാത്തതും പരസ്പര വിരുദ്ധമായതും ആയ ഓരോ കാര്യങ്ങളും പറഞ്ഞ് സർക്കാരിനെ ആശയക്കുഴപ്പം ഉണ്ടാക്കുകയാണ് ചെയ്തുവരുന്നത്.

8.പരാതിക്കാരന്റെ താൽക്കാലിക സേവനം 01.06.2010 മുതൽ 31.05.2013 വരെ താൽക്കാലിക ശൂന്യവേതന അവധിയിൽ മാനേജർ നിയമിക്കുകയും 04.06.2012 മുതൽ പ്രൊബേഷണറി യു.പി.എസ്.എ ആയി ശ്രീ.രാജശേഖരൻ മാസ്റ്ററുടെ വിരമിച്ച ഒഴിവിലേക്ക് മാനേജർ നിയമിക്കുകയും

ആയത് പ്രൊബേഷണറി U P S A ആയി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഇവിടെ ഇദ്ദേഹത്തിന്റെ തുടർച്ചയായ സേവനം തുടങ്ങുന്നത് 04.06.2012 മുതലാണ്. ആയത് സർക്കാർ കത്ത് നമ്പർ 34325/B/2012/Gedn. പ്രകാരം റഗുലർ വേക്കൻസിയിൽ 04.06.2012 മുതൽ തുടങ്ങിയിട്ടുള്ളതും, KER അധ്യായം 14 A ചട്ടം 3 7 പ്രകാരം പരാതിക്കാരന്റെ തുടർച്ചയായ സേവനം തുടങ്ങുന്നത് 04.06.2012 മുതലാണ്. ഈ തീയ്യതി മുതൽക്കാണ് ഇദ്ദേഹത്തിന്റെ സീനിയോറിറ്റി കണക്കാക്കേണ്ടത്.

9. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികകളുടെ ലഭ്യത വിശദമായി പരിശോധിക്കാതെയാണ് 2009-2010-ൽ 19 ഡിവിഷനുകളെ ഉള്ളൂ എന്ന് പരാമർശിച്ചിരിക്കുന്നത്. ആയത് തസ്തിക നിർണ്ണയം പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കുവാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുവാൻ അപേക്ഷിക്കുന്നു.

10. 29.12.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 5475/2018/GEDN ബഹു.ഹൈക്കോടതിയിൽ ശ്രീ.ഫെബിൻ നൗഷാദ് കെ.എ. ഫയൽ ചെയ്ത WP (C) No.5135/2019 dt.26.03.2019-ലെ വിധിന്യായം പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതും ആയതിന് ശേഷം ബഹു.സർക്കാർ ഉത്തരവ് നമ്പർ 954/2020/GEDN dt.25.02.2020 പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പിന്നീട് സർക്കാർ ഉത്തരവ് നമ്പർ 954/2020/GEDN dt.25.02.2020 താൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP(C) No. 11253/2020 dt.15.10.2021-ലെ വിധിന്യായത്തിൽ റദ്ദ് ചെയ്യുകയും ചെയ്തു.

11.സർക്കാർ ഉത്തരവ് നമ്പർ 5475/2018/GEDN dt.29/12/2018-ന്റെ അടിസ്ഥാനത്തിലുള്ള പാലക്കാട് ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ B2/591/2018 dt 12.04.2019 ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടപടികളൊന്നും കൈക്കൊള്ളാതെ പഴയ സ്ഥിതി തുടരുന്നു.15.01.2010 മുതൽ സ്കൂളിൽ 7+7+7=21 തസ്തികകൾ അനുവദിച്ചിട്ടുള്ളതും തന്റെ നിയമനം 15.01.2010 മുതൽ അധിക തസ്തികയിൽ അംഗീകാരം നൽകുവാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

12. ഹർജിക്കാരൻ ആലത്തൂർ എ.എസ്.എം.എം. ഹൈസ്കൂളിലെ യു.പി.വിഭാഗം അദ്ധ്യാപകനാണെന്നും തന്റെ സഹാദ്ധ്യാപികയായ ശ്രീമതി.സ്മിതയുടെ നിയമനം 15.01.2010 മുതൽ അംഗീകരിച്ച് നൽകാൻ 16.03.2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് നൽകിയിരുന്നു എന്നും ഈ ഉത്തരവിന് എതിരെയാണ് ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് എന്നും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പരാതിക്കാരനെ മാനേജർ 31.03.2011 മുതൽ

ശ്രീ.രാജശേഖരൻ എന്ന യു.പി അദ്ധ്യാപകൻ വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ 01.06.2011 മുതൽ യു.പി.എസ്.ടി ആയി നിയമിച്ചു. ഈ നിയമനം 04.06.2012 മുതൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ നിയമനത്തിന് മുൻപ് മാനേജർ ഹർജിക്കാരന് അവധി ഒഴിവിൽ താത്ക്കാലിക നിയമനവും യു.പി.എസ്.ടി തസ്തികയിൽ നൽകിയിരുന്നു. 01.06.2010 മുതൽ 31.05.2013 വരെയാണ് ഈ നിയമനം. ശ്രീമതി.കൃഷ്ണകുമാരി, യു.പി.എസ്.ടി.യുടെ ശൂന്യവേതനാവധിയിലുള്ള ഈ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്.

13. മാനേജർ ശ്രീമതി.സ്മിതയെ 15.01.2010 മുതൽ യു.പി.അദ്ധ്യാപികയായി അധിക തസ്തികയിൽ നിയമിച്ചു. ഈ നിയമനം 01.06.2011 മുതൽ അംഗീകരിച്ചിട്ടുണ്ട്. 15.01.2010 മുതൽ മുൻകാല പ്രാബല്യത്തോടെ നിയമനം അംഗീകരിക്കണമെന്ന ആവശ്യമാണ് 16.03.2022 തീയതിയിലെ ഉത്തരവിലൂടെ തീർപ്പ് കൽപ്പിച്ചത്.പരാതിക്കാരന്റെ സീനിയോറിറ്റിയും ശ്രീമതി.സ്മിതയുടെ നിയമനവുമായി യാതൊരു ബന്ധവും ഇല്ല.സർക്കാർ മേഖലയിലായാലും എയ്ഡഡ് മേഖലയിലായാലും സീനിയോറിറ്റി മുഖ്യമായും പരിഗണനയ്ക്ക് വരുന്നത് സ്ഥാനക്കയറ്റത്തിനാണ്.ഇവിടെ ശ്രീമതി.സ്മിത ടി.ടി.സി യോഗ്യതയും ഹർജിക്കാരൻ ബി.എസ്.സി മാത്തമാറ്റിക്സ് യോഗ്യതയുമാണ് കരസ്ഥമാക്കിയിട്ടുള്ളത്.ആയതിനാൽ തന്നെ ഹർജിക്കാരന്റെ സ്ഥാനക്കയറ്റം ശ്രീമതി.സ്മിതയുടെ നിയമന തീയ്യതിയുമായി ബന്ധപ്പെടുത്തേണ്ടതില്ല.എയ്ഡഡ് സ്കൂളിലെ നിയമനാധികാരി മാനേജരാണ്.മാനേജർ ആദ്യം നിയമിച്ചത് ശ്രീമതി.സ്മിതയെയാണ്. അതിനുശേഷമാണ് ഹർജിക്കാരന്റെ നിയമനം.ആദ്യം നിയമനാംഗീകാരം ലഭിച്ചതും സീനിയർ നിയമനാർത്ഥിയായ ശ്രീമതി.സ്മിതയ്ക്കാണ്.ശ്രീമതി.സ്മിത 15.01.2010 മുതൽ ജോലി ചെയ്തിട്ടുണ്ട് എന്നും ഈ അദ്ധ്യാപികക്ക് 5-ജി ഡിവിഷന്റെ ക്ലാസ്സ് ചുമതല ഉണ്ടായിരുന്നു എന്നതും ഈ ക്ലാസ്സിൽ 20 പെൺ കുട്ടികളും 1 8 ആൺകുട്ടികളും അടക്കം 3 8 കുട്ടികൾ ഉണ്ടായിരുന്നതായും ഇപ്പോഴത്തെ പ്രധാനാദ്ധ്യാപികയോട് അന്വേഷിച്ചതിൽ നിന്നും അറിയാൻ സാധിച്ചു.മാനേജ്മെന്റ് തർക്കം മൂലം 24.06.2010-ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറാണ് മാനേജർ -ഇൻചാർജ്.

14. ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചതു പ്രകാരം 16/03/2022 തീയതിയിലെ സ.ഉ.(സാധാ).1719/22/പൊ.വി.വ നമ്പർ ഉത്തരവിൽ ശ്രീമതി.വി.സ്മിതയുടെ യു.പി.എസ്.ടി തസ്തികയിലെ 15/01/2010 മുതലുള്ള നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ മാനേജർ 12/01/10-ലെ 10/10 നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള സംരക്ഷിതാദ്ധ്യാപക നിയമനം ബഹു.സുപ്രീം കോടതിയിൽ നിന്നും മാനേജർ സ്റ്റേ വാങ്ങിയിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ച് ഉറപ്പ് വരുത്തി, അങ്ങനെയുള്ള പക്ഷം ആയത് നീങ്ങുന്ന മുറയ്ക്ക് നടത്തിയാൽ മതിയാകുമെന്ന് അംഗീകാരം നൽകുന്ന ഉത്തരവിൽ വ്യക്തമാക്കുന്നതിനും നിർദ്ദേശിച്ച് ഉത്തരവായിരുന്നു.ശ്രീമതി.വി.സ്മിതയുടെ

15/01/2010 മുതലുള്ള നിയമനം അധിക തസ്തികയിലായതിനാൽ, അഡീഷണൽ അക്കോമഡേഷൻ ഉണ്ടായത് മൂലം അനുവദിക്കേണ്ട അധിക തസ്തികകൾ പി.ഡബ്ല്യു.ഡി അധികാരികൾ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണെന്നും 29/08/92 തീയതിയിലെ 37685/ജെ1/88 പൊ.വി.വ തീയതി 09/11/88 പ്രകാരം സെപ്റ്റംബർ 1 ന് ശേഷം ലഭ്യമാകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ടി വർഷത്തെ തസ്തിക നിർണ്ണയത്തിന് പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നും വ്യക്തമാക്കിയിട്ടുള്ളതാകുന്നു. 19/12/2009 ന് ഹാജരാക്കിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിഗണിച്ച് 2009-10 വർഷം സ്കൂളിന് ഡിവിഷനുകളും തസ്തികകളും പരിഗണിക്കുവാൻ ഈ കാര്യാലയത്തിന് കഴിയുമായിരുന്നില്ല. മാത്രവുമല്ല അക്കോമഡേഷന്റെ അപ്യാപ്തതമൂലം തസ്തിക അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാൽ വ്യവസ്ഥാപിതമായ ഒഴിവും ഇല്ല.2009-10 വർഷത്തിൽ യു.പി.എസ്.ടി തസ്തികകളുടെ റോളിൽ 1 9 അദ്ധ്യാപകരാണ് ജോലി ചെയ്ത് വന്നിരുന്നത്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ശ്രീമതി.വി.സ്മിതയുടെ 15/01/2010 മുതലുള്ള യു.പി.എസ്.ടി തസ്തികയിലെ നിയമനം, കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ ചട്ടം 8 (3) പ്രകാരം, 27/05/2022 തീയതിയിലെ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുള്ളതാകുന്നു.മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ, പരാതിക്കാരനായ ശ്രീ.ഫെബിൻ നൗഷാദ് ഫയൽ ചെയ്ത റിട്ട് ഹർജിയിലെ ആവശ്യം ഇപ്പോൾ നിലനിൽക്കുന്നില്ല എന്ന വസ്തുത റിപ്പോർട്ട് ചെയ്യുന്നു.

15. സർക്കാർ ഇക്കാര്യം ഹർജിക്കാരൻ, ശ്രീമതി.സ്മിത, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ അറിയിച്ച കാര്യങ്ങളുടെയും, സർക്കാർ ഇതേ വിഷയത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും കോടതി വിധികളുടെയും നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.ശ്രീ.ഫെബിൻ നൗഷാദ്, ടിയാന്റെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളും ഹിയറിംഗ് വേളയിൽ ഉന്നയിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട റിവിഷൻ ഹർജി ടിയാൻ പ്രത്യേകം സമർപ്പിച്ചിട്ടുള്ളതിനാലും എക്സിബിറ്റ് പി9 ഹർജിയിലെയും ഫയൽ ചെയ്ത WP(C) 19221/2022-ലെയും ആവശ്യം ഇതല്ലാത്തതിനാലും, പ്രസ്തുത റിവിഷൻ ഹർജി പ്രത്യേകം തീർപ്പാക്കുന്നതാണ്. ടിയാൻ സമർപ്പിച്ച റിവിഷൻ പെറ്റീഷനിലും (Ex.P9) ഫയൽ ചെയ്തിരുന്ന WP(C) No.19221/2022 കേസിലും ടിയാന്റെ ആവശ്യം ശ്രീമതി.സ്മിതക്ക് 15/01/2020 മുതൽ നിയമനാംഗീകാരം ലഭിക്കാൻ അർഹതയില്ലാത്തതിനാൽ 16/03/2022-ലെ സ.ഉ (സാധാ) നം.1719/2022/പൊ.വി.വ റദ്ദ് ചെയ്യണമെന്നുള്ളതാണ്. അപ്രകാരം അംഗീകാരം നൽകുന്നത് തന്റെ സീനിയോറിറ്റിയെ ബാധിക്കുമെന്നതിനാലാണ് ആയത് റദ്ദ് ചെയ്യുന്നതിന് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. 2009-10-ൽ 2 അധിക ഡിവിഷൻ അനുവദിച്ചിട്ടില്ല എന്നത് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളപ്പോൾ പരിശോധിച്ചിട്ടില്ലായെന്നാണ് ടിയാൻ ചൂണ്ടികാട്ടുന്നത്.

16. പാലക്കാട് ആലത്തൂർ എ.എസ്സ്.എം.എം ഹയർ സെക്കന്ററി സ്കൂളിലെ 2009-2010 വർഷത്തിലുണ്ടായ യു.പി.എസ്.റ്റി.യുടെ അധിക തസ്തികയിലാണ് ശ്രീമതി.സ്മിതയെ 15/01/2010 മുതൽ മാനേജർ നിയമിച്ചത്. എന്നാൽ അധിക തസ്തികയിലെ നിയമനങ്ങൾ G.O.(P) No.10/10-ലെ വ്യവസ്ഥകൾ മാനേജർ പാലിക്കാത്തതിനാൽ അംഗീകരിച്ചു നൽകിയില്ല.നിയമനാംഗീകാരമില്ലാതെ തുടർന്ന അദ്ധ്യാപകരെ പാക്കേജിലുൾപ്പെടുത്തി 01/06/2011 മുതൽ നിയമനാംഗീകാരം നൽകി.തന്റെ 15/01/2010 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ടിയാൾ ഫയൽ ചെയ്ത കേസിലെ വിധിയനുസരിച്ച് സർക്കാർ 16/03/2022-ലെ സ.ഉ.(സാധാ) നം.1719/2022/പൊ.വി.വ സർക്കാർ ഉത്തരവു പ്രകാരം ടിയാൾക്ക് 15/01/2010 മുതൽ നിയമനാംഗീകാരം നൽകുന്നതിന് ഉത്തരവായി.ഇതിനെതിരെയാണ് ശ്രീ.ഫെബിൻ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്. 2009-2010-ലെ തസ്തിക നിർണ്ണയ സമയത്ത് മതിയായ accommodation സൗകര്യമില്ലാത്തതിനാൽ 21 ഡിവിഷനുകൾ ( 1 9 നിലവിലുണ്ടായിരുന്നതും+ 2 അധിക ഡിവിഷനുകളും ഉൾപ്പെടെ) അനുവദനീയമായിട്ടും അതിനാനുപാതികമായി തസ്തികകൾ അനുവദിച്ചിരുന്നില്ല. പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചത് 19/12/2009-ൽ മാത്രമായതിനാൽ ആയത് പരിഗണിച്ച് 2009-2010 വർഷം അധിക തസ്തികകൾ അനുവദിക്കാനാകില്ലെന്ന് മാനേജരുടെ അപ്പീൽ തീർപ്പാക്കിക്കൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു. ഇളവ് നൽകുന്നതിനു സർക്കാരിനു മാത്രമേ കഴിയുള്ളൂവെന്നും മാനേജരെ അറിയിച്ചിരുന്നുവെങ്കിലും മാനേജർ ഇതിനായി സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നില്ല. മാനേജ്മെന്റ് തർക്കം നിലനിന്നിരുന്നതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 2010-ൽ മാനേജരുടെ ചുമതല നൽകിയിരുന്നു. ആയതിനാൽ 2009-2010 വർഷം 21 ഡിവിഷനുകൾക്കുള്ള കുട്ടികൾ ടി സ്കൂളിൽ ഉണ്ടായിരുന്നിട്ടും 19 തസ്തികകൾ മാത്രമാണ് അനുവദിച്ചത്. ഇക്കാരണത്താലാണ് ശ്രീമതി.സ്മിതക്ക് 15/01/2010-ൽ നിലനിൽക്കാൻ തസ്തികയില്ലെന്നും ആയതിനാൽ നിയമനാംഗീകാരം നൽകിയ നടപടി റദ്ദു ചെയ്യണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുന്നത്.

17. ഇക്കാര്യം പരിശോധിക്കുമ്പോൾ ടി സ്കൂളിലെ 2009-2010 മുതൽ നടത്തിയ യു.പി.എസ്.റ്റി നിയമനങ്ങളും അവയ്ക്ക് വിവിധ കാലഘട്ടങ്ങളിൽ നിയമനാംഗീകാരം നൽകിയതും പരിശോധനാവിധേയമാക്കിയിരുന്നു. അത് ചുവടെ ചേർക്കും പ്രകാരമാണ്.

| Sl No. | Name | Post | Date of Appointment | Date from which approval is given | Remarks |
|---|---|---|---|---|---|
| 1 | സ്മിത | UPST | 15/01/2010 | 01/06/2011 | |

| | | | | | |
|---|---|---|---|---|---|
| | | | (Additional Post) 2009-2010 | | As per Teachers package |
| 2 | താഹിറാ ബീവി | UPST | 15/01/2010 (Promotion vacancy of Sheeba, HST) | 01/06/2011 | |
| 3 | റാഷിദ് | UPST | 01/06/2010 (Additioal post 2010-2011) | 01/06/2010 | |
| 4 | സ്മിജി | UPST | 01/06/2010 (Additional post 2010-2011) | 01/06/2010 | B2/1729/2015 dated 07/12/2018 |
| 5 | ഫെബിൻ നൗഷാദ് | UPST | 01/06/2010 (Leave vacancy) | 01/06/2010 04/06/2012(regular vacancy) | B2/4385/11 dated 19/01/2012 |
| 6 | ഷെമി | UPST | 01/06/2010 (Resignation vacancy | 01/06/2010 | G.O(Rt)No.954/2020/GEdn dt.25/02/2020 |

മേൽ പട്ടികയിൽ നിന്നും UPST ആയി നിലവിൽ ജോലി ചെയ്ത് വരുന്ന 6 പേരിൽ 15/01/2010 മുതൽ നിയമിതരായ ശ്രീമതി.സ്മിതയ്ക്കും ശ്രീമതി.താഹിറാബിവിക്കും 01/06/2011 മുതൽ മാത്രമാണ് നിയമനാംഗീകാരം ലഭ്യമായിരിക്കുന്നതെന്നും അതേ സമയം പിന്നീട് അവധി ഒഴിവുകളിലുൾപ്പെടെ നിയമിതരായവർക്ക് 01/06/2010 മുതലും നിയമനാംഗീകാരം ലഭിച്ചതായും വ്യക്തമാണ്. അതായത് ആദ്യം നിയമിക്കപ്പെട്ട ശ്രീമതി.സ്മിത, ശ്രീമതി.താഹിറാ ബീവി എന്നിവർക്ക് നിയമനത്തീയതി മുതൽ നിയമനാംഗീകാരം ലഭിക്കാത്തതിനാൽ സീനിയോറിറ്റി നഷ്ടപ്പെട്ടു. മേൽപ്പറഞ്ഞ അദ്ധ്യാപകരെല്ലാവരും തന്നെ നിയമനാംഗീകാരമില്ലാതെ തുടർന്ന കാലയളവിലാണ് അദ്ധ്യാപക പാക്കേജ് നിലവിൽ വന്നത്. അതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികയിൽ നിയമിതരായിരുന്ന ശ്രീമതി.സ്മിത, ശ്രീമതി.താഹിറാ ബീവി എന്നിവരുടെ 01/06/2011-ന് മുൻപുള്ള സർവ്വീസ് ക്രമീകരിക്കുന്നതിനെകുറിച്ച് 60930/J2/11/G.Edn പ്രകാരം പരിശോധിക്കുകയോ 15/01/2010-ൽ നിയമിച്ച തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ പ്രസ്തുത കാലയളവ് അംഗീകരിക്കാൻ സാധിക്കാത്ത പക്ഷം അവരെ 01/06/2010 മുതൽ ലഭ്യമായ ഒഴിവുകളിൽ ക്രമീകരിച്ചുകൊണ്ട് അംഗീകാരം നൽകുന്നതിനും,

ശേഷം നിയമിതരായവരെ തുടർന്നുള്ള ഒഴിവുകളിൽ ക്രമീകരിക്കുന്നതിനും, അപ്രകാരം സീനിയോറിറ്റി ക്രമപ്പെടുത്തുന്നതിനും യാതൊരു ഉത്തരവുകളും പുറപ്പെടുവിക്കുകയോ ചെയ്തിരുന്നില്ല. മാത്രവുമല്ല, സീനിയോറിറ്റി പ്രശ്നത്തിന്റെ പേരിൽ നിരന്തരം കേസുകൾ ഫയൽ ചെയ്യുന്നത് വഴി യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്ന നിയമനത്തീയതി അനുസരിച്ചുള്ള ക്രമീകരണം നടത്തി സീനിയോറിറ്റി ലിസ്റ്റ് അതനുസരിച്ച് തയ്യാറാക്കിയിട്ടുമില്ല.

18. 2009-2010-ൽ ടി സ്കൂളിൽ 2 UPST അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള കുട്ടികളുണ്ടായിരുന്നു.പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് ലഭിച്ചത് 19/12/2009-ന് മാത്രമായതിനാലാണ് പ്രസ്തുത അധിക തസ്തികകൾ അനുവദിക്കാതിരുന്നത്.പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 27/05/2011 ഉത്തരവിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കുന്നതിന് സ്കൂളിന് മാനേജർ ഇല്ലാതിരുന്നതിനാൽ സാധിച്ചിട്ടില്ലെന്നു കാണുന്നു. ശ്രീമതി.സ്മിത 15.01.2010 മുതൽ ജോലി ചെയ്തിട്ടുണ്ട് എന്നും, 5-ജി ഡിവിഷന്റെ ക്ലാസ്സ് ചുമതല ഉണ്ടായിരുന്നു എന്നും പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

19. നിയമനാംഗീകാരം ലഭിക്കാത്ത സീനിയർ അദ്ധ്യാപകരെ പിന്നീടുണ്ടായ ഒഴിവുകളിൽ ക്രമീകരിച്ചിട്ടില്ല.അവർക്കുശേഷം നിയമിതരായ 4 അദ്ധ്യാപകർക്കും നിയമന തീയതി മുതൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇനിയൊരു പുന:ക്രമീകരണം അപ്രകാരം നടത്തുന്നത് ഉചിതമാകില്ല. എന്നാൽ 15/01/2010-ൽ നിയമിക്കപ്പെട്ട് ജോലി ചെയ്തുവന്നിട്ടും പ്രസ്തുതതീയതി മുതൽക്കോ അടുത്ത അക്കാദമിക വർഷമുണ്ടായ ഒഴിവിലോ നിയമനാംഗീകാരം നൽകാതിരിക്കുന്നതും ശരിയല്ലെന്നു കാണുന്നു.നിലവിൽ നിയമനാംഗീകാരത്തോടെ തുടരുന്നവരെ ബാധിക്കാനും പാടില്ല. ആയതിനാൽ ഈ കേസിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും 21 ഡിവിഷനുകൾ അനുവദിക്കുന്നതിനുള്ള കുട്ടികൾ ടി സ്കൂളിൽ പഠിച്ചിരുന്നതും 19/12/2009-ൽ പുതിയ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിച്ചതും കണക്കിലെടുത്തും, കെ.ഇ.ആർ അധ്യായം XXIII Rule 12 F പ്രകാരമുള്ള സർക്കാരിന്റെ അധികാരം ഉപയോഗിച്ച് 2009-2010 തസ്തികനിർണ്ണയത്തിനെതിരായ അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.05.2011ലെ ആർ.എ.1/74671/10/ഡി.പി.ഐ/ഡി.ഡിസ് നടപടിക്രമം ഭേദഗതി വരുത്തി, എ.എസ്.എം.എം ഹയർസെക്കന്ററി സ്കൂളിൽ 2009-10 വർഷത്തിൽ അനുവദനീയമായ അധിക ഡിവിഷനും അധിക തസ്തികകളും അനുവദിക്കുന്നതിന് തസ്തിക പുനർ നിർണ്ണയം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ; 15/01/2010-ൽ പ്രതീക്ഷിത അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.സ്മിതയ്ക്ക് നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിനായി, 16/03/2022-ലെ

സ.ഉ.(സാധാ)നം.1719/2022/പൊ.വി.വ നമ്പർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിർത്തിക്കൊണ്ടും,പാലക്കാട് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 27/5/2022 ലെ B2/2540/20 നമ്പർ നടപടി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, അപ്രകാരം ശ്രീ.ഫെബിൻ നൗഷാദ് സമർപ്പിച്ചിരുന്ന Ext.P9 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച്, ഹർജിക്കാരൻ ബഹു കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19221/2022-ന്റെ 14/06/2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

20. മേൽപ്പറഞ്ഞ പ്രകാരം 2009-2010 വർഷത്തിൽ അധിക തസ്തികകൾ അനുവദിക്കുമ്പോൾ പ്രസ്തുത പ്രതീക്ഷിത അധിക തസ്തികകളിൽ ടി വർഷം നിയമിതരായിട്ടും ഇനിയും അംഗീകാരം ലഭിക്കാതെയുള്ള അദ്ധ്യാപകരുടെ കേസുകൾ കൂടി പരിശോധിച്ച്, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമന തീയതി മുതൽ അംഗീകാരം നൽകുന്നതിനും (ഇതുസംബന്ധിച്ച കോടതി സ്റ്റേ ഉത്തരവുകളോ വിധികളോ ഉണ്ടായെന്നു കൂടി പരിശോധിച്ച്) ടി സ്കൂളിൽ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് ചട്ടപ്രകാരം സമയബന്ധിതമായി തയ്യാറാക്കുന്നതിനും, ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം WP(C)No.19221/2022-ന്റെ 14/06/2022-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എ.എസ് മുഹമ്മദ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ,
ആലത്തൂർ, പാലക്കാട്
പ്രിൻസിപ്പാൾ, എ.എസ് മുഹമ്മദ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ,
ആലത്തൂർ, പാലക്കാട്
ശ്രീ.ഫെബിൻ നൗഷാദ് കെ.എ., എച്ച്.എസ്.എ, എ.എസ് മുഹമ്മദ് മെമ്മോറിയൽ
ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തൂർ, പാലക്കാട്
ശ്രീമതി.വി.സ്മിത, യു.പി.എസ്.റ്റി., എ.എസ് മുഹമ്മദ് മെമ്മോറിയൽ ഹയർ
സെക്കണ്ടറി സ്കൂൾ, ആലത്തൂർ, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ.ഉ.(സാധാ) നം.7631/2022/GEDN

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 06-12-2022 15:25:17**

സെക്ഷൻ ഓഫീസർ